സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ദേവഹരിതം പദ്ധതി പ്രവർത്തനം കോ-ഓർഡിനേറ്റർ സേവനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച്.

ആർ.ഒ.സി.നമ്പർ 3986/20/Land നന്തൻകോട്, 6 /03/2021

പരാമർശം:- ദേവഹരിതം കോ-ഓർഡിനേറ്ററുടെ 4/2/2021 ലെ 49/21ദേവഹരിതം നമ്പർ കത്ത്

## ഉത്തരവ്

13/5/2020 ലെ ആർ.ഒ.സി 3986/20/എം നമ്പർ ഉത്തരവനുസരിച്ച് ദേവഹരിതം കോ-ഓർഡിനേറ്റർ ആയി നിയമിച്ചിട്ടുള്ള ശ്രീ. ബി ഉണ്ണികൃഷ്ണന് തിരുവനന്തപുരം ആറ്റുകാൽ ദേവീക്ഷേത്രത്തിലെ എക്സിക്യൂട്ടീവ് ആഫീസറായി ടി ക്ഷേത്ര ട്രസ്റ്റിന്റെ ഒരു ഓഫർ ലഭിച്ചെന്നും ടി ഓഫർ സ്വീകരിക്കുന്നതിന് താൽപര്യമുണ്ടെന്നും അതിനോടൊപ്പം ദേവസ്വം പദ്ധതിയുടെ പ്രവർത്തനം കൂടി നടത്തുന്നതിന് സാധിക്കാത്തതിൽ ദേവഹരിതം കോഓർഡിനേറ്റർ പദ്ധതിയിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ശ്രീ. ബി ഉണ്ണികൃഷ്ണന്റെ കത്ത് ലഭിച്ചു.

പ്രസ്തുത വിഷയം ബോർഡ് ചർച്ചചെയ്തു

ശ്രീ. ബി ഉണ്ണികൃഷ്ണന്റെ ആവശ്യ പ്രകാരം അദ്ദേഹത്തെ ദേവഹരിതം കോഓർഡിനേറ്റർ പദവിയിൽ നിന്നും വിടുതൽ ചെയ്ത് ബോർഡ് ഉത്തരവാകുന്നു.

ദേവഹരിതം ആഫീസ്, അലമാര, കംപ്യൂട്ടർ ഉൾപ്പെടെയുള്ള സാധനങ്ങൾ തിരുവനന്തപുരം അസിസ്റ്റന്റ് എഞ്ചിനീയറെ ഏൽപിക്കുന്നതിന് ശ്രീ. ബി ഉണ്ണികൃഷ്ണന് നിർദ്ദേശം നൽകിയും ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

സെക്രട്ടറി

വിവരമറിയാനും നടപടിക്കുമായി പകർപ്പ്;-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ശ്രീ. ബി ഉണ്ണികൃഷ്ണൻ കോ-ഓർഡിനേറ്റർ, ദേവ ഹരിതം പദ്ധതി
3. മിനിട്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി